"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ് - അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് - സി.ആർ.സി വായനശാല അറ്റകുറ്റപണികളിലെ ക്രമക്കേടുകൾ - വിജിലൻസ് മിന്നൽ പരിശോധന-ശ്രീമതി. ടി. കെ. ഷമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയർ, എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt) No.667/2020/LSGD തീയതി,തിരുവനന്തപുരം, 18/03/2020

---

പരാമർശം:- 1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 06.05.2015 തീയതിയിലെ 3215/D1/2015/Vig - നമ്പർ കത്ത്.

2 വിജിലൻസ് ഡയറക്ടറുടെ 06.03.2015 തീയതിയിലെ E 13(SC 29/14/KNR) 13851/14- നമ്പർ കത്ത്.

3 07.02.2018 - ലെ LSGD-EW2/277/2015-LSGD നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക.

4 കുറ്റാരോപിതർ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രിക.

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.07.2018 - ലെ ഇ20/3550/2018/സി.ഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ സി.ആർ.സി വായനശാല അറ്റകുറ്റപണിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 05.07.2014 - ൽ ഒരു മിന്നൽ പരിശോധന നടത്തുകയും റിപ്പോർട്ട് വിജിലൻസ് വകുപ്പ് മുഖേന സർക്കാരിലേക്ക് ലഭ്യമാക്കുകയുമുണ്ടായി. വിജിലൻസ് ഡയറക്ടറുടെ ശിപാർശകൾ നടപ്പിലാക്കുന്നതിലേക്കായി വിജിലൻസ് വകുപ്പ് പരാമർശം (1 ) പ്രകാരം റിപ്പോർട്ട് ഈ വകുപ്പിലേക്ക് ലഭ്യമാക്കുകയും പരാമർശം (2) പ്രകാരമുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് സാങ്കേതിക വിഭാഗം ജീവനക്കാരായ ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. ടി. കെ. ഷമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുന്നതിനും സർക്കാരിനുണ്ടായ നഷ്ടമായി വിജിലൻസ് കണ്ടെത്തിയ 10567/- രൂപ ശ്രീ.ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിനും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും ആയത് വിജിലൻസ് വകുപ്പ്

അംഗീകരിക്കുകയും ചെയ്തു.

2. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതർക്കെതിരെ ഈ വകുപ്പിൽ നിന്നും 1960-ലെ കേരള സിവിൽ സർവീസസ് (CC & A) റൂൾസ് ചട്ടം 16 അനുസരിച്ച് കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ പരാമർശം (3) പ്രകാരം നൽകുകയുണ്ടായി. ആയതിന് ടിയാന്മാർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ മുഖാന്തിരം പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത കാലയളവിൽ ഒരു സ്ഥിരം ഓവർസിയറുടെ അഭാവം ഉണ്ടായിരുന്നതിനാൽ ജോലിഭാരം ഉണ്ടായിരുന്നുവെന്നും നിർമാണ പ്രവർത്തനങ്ങൾ എല്ലാം തന്നെ സാമ്പത്തിക വർഷാവസാനം നടന്നിരുന്നതി നാൽ സമയക്കുറവ് കാരണം അളവുകൾ രേഖപ്പെടുത്തുന്നതിൽ അറിയാതെ തെറ്റ് സംഭവിച്ചതാണെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയത് തന്റെ കാലയളവിൽ അല്ലായിരുന്നുവെന്നും ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയർ ബോധിപ്പിച്ചിട്ടുണ്ട്.

4. പ്രസ്തുത കാലയളവിൽ തനിക്ക് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ അധിക ചുമതല ആയിരുന്നുവെന്നും അമിത ജോലി ഭാരം നിമിത്തം Painting with synthetic enamel paint for wooden work എന്നതിന് പകരം painting with synthetic enamel paint for iron work എന്ന് രേഖപ്പെടുത്തിയത് മനഃപൂർവമല്ലാതെ സംഭവിച്ച തെറ്റാണെന്നും wooden painting-ന് റേറ്റ് കൂടുതലും iron painting-ന് റേറ്റ് കുറവുമാണെന്നും കുറഞ്ഞ നിരക്ക് അനുവദിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റിൽ വന്ന മാറ്റം മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർ ബോധിപ്പിച്ചിട്ടുണ്ട്.

5. സാമ്പത്തിക വർഷാവസാനം നിലവിലുള്ള പ്രവൃത്തികളുടെ ആധിക്യം കാരണം ചുരുങ്ങിയ സമയത്തിനുള്ളിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കേണ്ട സാഹചര്യമുള്ളതിനാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എല്ലാ സൈറ്റുകളും നേരിൽ പരിശോധിക്കാൻ കഴിയാറില്ലാ യെന്നും മന:പ്പൂർവ്വമല്ലാത്ത പിഴവ് മാപ്പാക്കണമെന്നും ശ്രീമതി. ടി. കെ. ഷമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബോധിപ്പിച്ചിട്ടുണ്ട്.

6. മേൽ സൂചന പ്രവൃത്തിയിൽ ഡാമേജായ പ്ലാസ്റ്റർ പൊട്ടിച്ചുമാറ്റി റീ-പ്ലാസ്റ്റർ ചെയ്യാനും, ജനൽ, വാതിൽ എന്നിവയുടെ ഷട്ടർ പുതുതായി ഘടിപ്പിക്കുവാനുമാണ് എസ്റ്റിമേറ്റിൽ നിഷ്കർഷിച്ചിരുന്നത്. എന്നാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിൽ iron work painting, plastering removal and re-plastering എന്നീ ഇനങ്ങളുടെ പ്രവൃത്തികളിലെ അപാകതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ടി പ്രവൃത്തിയിൽ ജനലിന് ഉറപ്പിച്ച ഗ്രില്ലിന്റെ പെയിന്റിംഗാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇരുമ്പിന് പകരം മരത്തിന്റെ അഴികളാണ് ഉണ്ടായിരുന്നത്. ആയത് പെയിന്റ് ചെയ്തിട്ടുണ്ട്. കൂടാതെ plastering removal and re-plastering പ്രവൃത്തികളിൽ കുറ്റപത്രത്തിൽ സൂചിപ്പിച്ചതുപോലെ ചെറിയ ന്യൂനതകൾ വന്നതിന്റെ നഷ്ട തുകയായ 10560/- രൂപ ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയർ ഒടുക്കിയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് എടുത്തതിൽ ചെറിയ പിഴവ് വരുത്തിയ ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർക്ക് താക്കീത് നൽകാവുന്നതാണെന്നും അപാകതകളോട് കൂടി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി നഷ്ട തുക അടയ്ക്കേണ്ടിവന്നതിനാൽ ഇതിന് ഉത്തരവാദിയായ ശ്രീ. പി. ജയരാജ്, അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഘുശിക്ഷ നൽകാവുന്നതാണെന്നും മേൽനോട്ട വീഴ്ചയ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതല വഹിച്ച ശ്രീമതി. ടി. കെ. ഷമിയ്ക്ക് കർശന താക്കീത് നൽകാവുന്നതാണെന്നും പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടിൽ ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

7. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദ പത്രിക, ആയതിന്മേൽ

ചീഫ് എൻജിനീയറുടെ അഭിപ്രായം എന്നിവ പരിശോധിച്ചതിൽ, എസ്റ്റിമേറ്റ് എടുത്തതിൽ ചെറിയ പിഴവ് വരുത്തിയ ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർ, മേൽനോട്ട വീഴ്ച വരുത്തിയിട്ടുള്ള ശ്രീമതി. ടി. കെ. ഷമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി ശാസന നൽകി തീർപ്പാക്കാനും അപാകതകളോട് കൂടി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി നഷ്ട തുക അടയ്ക്കേണ്ടിവന്ന ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്നതിനുമുള്ള താത്കാലിക തീരുമാനം ഈ വകുപ്പ് കൈക്കൊള്ളുകയും അതിന്മേൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. ഈ വകുപ്പിന്റെ താത്കാലിക തീരുമാനത്തോട് വിജിലൻസ് വകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ട്.

8. മേൽ സാഹചര്യത്തിൽ കുറ്റാരോപിതരായ ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. ടി. കെ. ഷമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തുന്നതിലേക്കായി ശാസന നൽകിയും ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്

1. ശ്രീമതി. ടി. കെ. ഷമി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ചീഫ് എഞ്ചിനീയർ മുഖാന്തിരം).

2. ശ്രീമതി. ലജിത വി. എ., അസിസ്റ്റന്റ് എഞ്ചിനീയർ (ചീഫ് എഞ്ചിനീയർ മുഖാന്തിരം).

3. ശ്രീ. ജയരാജ് പി., അസിസ്റ്റന്റ് എഞ്ചിനീയർ (ചീഫ് എഞ്ചിനീയർ മുഖാന്തിരം).
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള.
7. തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

8. വിജിലൻസ് (ഡി) വകുപ്പ് (Vig - D1/848/2019-Vig).

9. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
10. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SREEKANTH G
Date: 2020.03.18 21:30:07 IST
Reason: Approved

സെക്ഷൻ ഓഫീസർ